**C 22766** (Pages : 4)

# Ph.D. ENTRANCE EXAMINATION, APRIL 2022

## MALAYALAM

Time : Two Hours Maximum : 100 Marks

ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും ഒരു മാർക്ക് വീതം.

1. ആലത്തൂർ മണിപ്രവാളത്തിലെ പ്രമേയം എന്ത് ?
2. ചന്ദ്രോൽസവത്തിലെ നായിക ആര് ?
3. 'എഴുത്തച്ഛൻ ആന്റ് ഹിസ് ഏജ്' ആരുടെ കൃതിയാണ് ?
4. "നാവികൻ നീ ഭവാബ്ധിക്കൊ-

   രാവി വൻതോണി നിൻ പദം"

   —ഏത് കൃതിയിലെ വരികളാണ് ?
5. 'നാവുമരം' എന്ന കവിത ആരാണെഴുതിയത് ?
6. 'മലയാളത്തിലെ ഓർഫ്യൂസ്' എന്നു വിശേഷിപ്പിക്കപ്പെട്ട കവി ആര് ?
7. പൂമേനമ്മായി ആരുടെ കവിതയിലെ കഥാപാത്രമാണ് ?
8. 'ദൈവത്താർ' എന്ന നാടകം ആരാണ് രചിച്ചത് ?
9. കേരള ഇബ്സൺ എന്നറിയപ്പെടുന്നതാര് ?
10. ഗ്രീക്ക് കഥാപാത്രമായ ബത്ശേബ നായികയായി വരുന്ന സി. ജെ. തോമസിന്റെ നാടകം ഏത് ?
11. കുറിയേടത്ത് താത്രിയുടെ ചരിത്രവും ജീവിതവും പശ്ചാത്തലമാക്കി ശ്രീജ എഴുതിയ നാടകത്തിന്റെ പേരെന്ത് ?
12. പ്രതിപാത്രം ഭാഷണഭേദം ആരുടെ നോവലുകളെ കുറിച്ചുള്ള പഠനമാണ് ?

Turn over

13. ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആധാരമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച നോവൽ ഏത് ?

14. ശൃദ്ധാദാ ഏത് നോവലിലെ കഥാപാത്രമാണ് ?

15. എൻഡോസൾഫാൻ ഉൾപ്പടെയുള്ള പാരിസ്ഥിതിക ദുരന്തങ്ങളെ പശ്ചാത്തലമാക്കി അംബികാസുതൻ മാങ്ങാട് എഴുതിയ നോവൽ ഏത് ?

16. ദരിദ്രവിദ്യാർത്ഥികളുടെ പഠനത്തിനു വേണ്ടി 1931-ൽ വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്ന കാൽനട പ്രചാരണ ജാഥയുടെ പേരെന്ത് ?

17. 1936-ൽ മലബാറിൽ നിന്നു മദിരാശിയിലേക്ക് എ.കെ.ജി. യുടെ നേതൃത്വത്തിൽ നടന്ന ജാഥയുടെ പേരെന്ത് ?

18. പ്രച്ഛന്നബുദ്ധൻ എന്നറിയപ്പെടുന്നതാര് ?

19. ആത്മവിദ്യാ സംഘത്തിന്റെ സ്ഥാപകൻ ആര് ?

20. കേരളീയ സംസ് കൃതനാടകാഭിനയ സമ്പ്രദായം എന്നു വിശേഷിപ്പിക്കപ്പെടുന്ന കലാരൂപം ഏത് ?

21. കൊറ്റവൈ ഏത് തിണയുടെ ദേവതയാണ് ?

22. സമൻ ഹോഫ് രൂപം നൽകിയ അന്തർദേശീയ ഭാഷയുടെ പേരെന്ത് ?

23. ഘടനാവാദത്തിന്റെ തുടക്കമായി കണക്കാക്കപ്പെടുന്ന സസ്യൂറിന്റെ കൃതി ഏത് ?

24. 'ദി ഇവലൂഷൻ ഓഫ് മലയാളം മോർഫോളജി' ആരാണെഴുതിയത് ?

25. കക്ഷ്യാ വിഭജനത്തിൽ ഇംഗ്ലീഷ് ഏത് വിഭാഗത്തിൽ വരുന്നു ?

26. മലയാളത്തിലെ ആദ്യ യാത്രാവിവരണ ഗ്രന്ഥത്തിന്റെ പേരെന്ത് ?

27. പോലീസുകാരുടെ നായ ഒരു പ്രധാന കഥാപാത്രമായി വരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ചെറുകഥ ഏത് ?

28. വെള്ളായിയപ്പൻ ഏത് കഥയിലെ കഥാപാത്രമാണ് ?

29. വൈലോപ്പിള്ളിക്കവിതയെ മനഃശാസ്ത്ര വിശകലനം ചെയ്യുന്ന എം.എൻ. വിജയന്റെ കൃതി ഏത് ?

30. മലയാളത്തിലെ ആദ്യ പരിസ്ഥിതി സൗന്ദര്യശാസ്ത്ര കൃതി ഏത് ?

31. വിഭാവാനുഭാവ വ്യഭിചാരി സംയോഗാദ് രസനിഷ്പത്തി എന്ന രസസൂത്രം ആരുടേത് ?

32. സ്ഫോടവാദത്തിന്റെ ഉപജ്ഞാതാവാര് ?

33. ഭാവനയെ പ്രാഥമികമെന്നും ദ്വിതീയമെന്നും വിഭജിച്ചതാര് ?

34. അർഥം നീട്ടി വെയ്ക്കപ്പെടുന്നു എന്നതിനെ സൂചിപ്പിക്കാൻ ഡിഫെറാൻസ് എന്ന പദം ആദ്യമായി പ്രയോഗിച്ചതാര് ?

35. 'ഡെത്ത് ഓഫ് ദി ഓഥർ' ആരുടെ പ്രബന്ധമാണ് ?

36. താലവ്യാദേശത്തിന്റെ മറ്റൊരു പേരാണ് ————.

37. വിഭക്തികളോട് ചേർന്നു നിന്ന് വിഭക്തിയുടെ അർത്ഥത്തെ പരിഷ്കരിക്കുന്ന ദ്യോതകങ്ങൾ ഏത് വിഭാഗത്തിൽ വരുന്നു ?

38. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ മുഖപത്രം ഏത് ?

39. മഹാകവി മോയിൻകുട്ടി വൈദ്യരുടെ സ്മാരകം എവിടെയാണ് ?

40. 'എ റൂം ഓഫ് വൺസ് ഓൺ' ആരുടെ കൃതിയാണ് ?

41. പണിയജീവിതം മുൻനിർത്തി മനോജ് കാന സംവിധാനം നിർവഹിച്ച ചലച്ചിത്രം ഏത് ?

42. സാഹിത്യ അക്കാദമി അവാർഡിനർഹമായ പി.എഫ്. മാത്യൂസിന്റെ നോവൽ ഏത് ?

43. 'ആകസ്മികം' ആരുടെ ഓർമ്മക്കുറിപ്പുകളുടെ പേരാണ്?

44. 'ഭൗമചാപം' ആരുടെ കൃതിയാണ് ?

45. 'കവിതയുടെ ജീവചരിത്രം' ആരാണെഴുതിയത് ?

46. 'പന്തു കായ്ക്കുന്ന കുന്ന്' ആരെഴുതിയ കവിതയാണ് ?

47. 'ഭാഷാസൂത്രണം : പൊരുളും വഴികളും മലയാളത്തിന്റെ നാളെ ചർച്ചകൾക്കൊരാമുഖം' എന്നകൃതിയുടെ കർത്താവാര് ?

48. പ്രദീപൻ പാമ്പിരികുന്ന് എഴുതിയ നോവൽ ഏത് ?

49. സന്തോഷ് തോട്ടുങ്ങൽ മലയാളത്തിന്റെ ഏത് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നയാളാണ് ?

50. 'മലയാളത്തിന്റെ ഭാവി ആരുടെ കൃതിയാണ് ?

(50 × 1 = 50 marks)

ഓരോന്നും മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

1. ഭാഷാ-സാഹിത്യ-സംസ്കാര ഗവേഷണത്തിൽ ഒരു വിശകലനോപാധി എന്ന നിലയിൽ ഘടനാവാദത്തിന്റെ സാധ്യതകൾ എത്രത്തോളമാണ് ? സോദാഹരണം വിശദമാക്കുക.
2. വിജ്ഞാനഭാഷ എന്ന നിലയിൽ മലയാളത്തിന്റെ സാധ്യതകളും വെല്ലുവിളികളും വിലയിരുത്തുക.
3. പുതുകവിതയിലെ ഭാവുകത്വ പരിണാമത്തെപ്പറ്റി ചർച്ച ചെയ്യുക.
4. ബഹുസ്വരതയുടെ ആഘോഷമാണ് സമകാല മലയാള നോവലുകളുടെ മുഖ്യ സവിശേഷത–ചർച്ച ചെയ്യുക.
5. കേരള സംസ്കാരത്തിലെ നവമാധ്യമങ്ങളുടെ സ്വാധീനതയെപ്പറ്റി വിവരിക്കുക.

(3 × 10 = 30 marks)

ഇഷ്ടമുള്ള ഒരു വിഷയത്തിൽ ഗവേഷണം നിർവഹിക്കുന്നതിനായി പ്രബന്ധ രൂപരേഖ (സിനോപസിസ്) തയ്യാറാക്കുക.

(1 × 20 = 20 marks)